# 53. ഷോർട്ട് ഹാൻഡിന് നൂററമ്പതു വയസ്സ്

ഒന്നേകാൽ ലക്ഷം പദ്യങ്ങളുള്ള മഹാഭാരതം രചിക്കാൻ മഹർഷിമാർ നിർബന്ധിച്ചപ്പോൾ വേദവ്യാസൻ പറഞ്ഞുവത്രേ, കേട്ടെഴുതാൻ ഒരാളുണ്ടെങ്കിൽ താൻ മനസ്സിൽ നിർമിച്ചുകഴിഞ്ഞ ആ ഇതിഹാസം ആദ്യം മുതൽ അവസാനംവരെ നിർത്താതെ ചൊല്ലാമെന്ന്. വ്യാസൻ ചൊല്ലുന്ന മുറയ്ക്ക്, വേഗത്തിലും തെററാതെയും, എഴുതിയെടുക്കാനുള്ള ത്രാണി ഗണപതിഭഗവാനു മാത്രമേ ഉള്ളൂ എന്നു വിശ്വസിച്ച മഹർഷിമാർ ഈ ലേഖനകൃത്യം ഏറെറടുക്കാൻ ഗണപതിയോട് അഭ്യർഥിച്ചു. താൻ എഴുതുന്ന അത്ര വേഗത്തിൽ വ്യാസൻ പദ്യങ്ങൾ ചൊല്ലിക്കൊണ്ടിരിക്കുമെങ്കിൽ എഴുത്തുജോലി ഏറെറടുക്കാൻ തനിക്കു സമ്മതമാണെന്ന് ഗണപതി മറുപടി പറഞ്ഞു. തന്നെ തോല്പിക്കാനാണ് ഗണപതി ഇങ്ങനെ ഒരു വ്യവസ്ഥ ഉന്നയിക്കുന്നതെന്നു മനസ്സിലാക്കിയ വ്യാസൻ ഒരു മറു വ്യവസ്ഥ മുന്നോട്ടു വെച്ചു; താൻ പറഞ്ഞ പദ്യത്തിന്റെ അർഥം മനസ്സിലാക്കിയിട്ടേ ഗണപതി അതു് എഴുതാവൂ. സ്വന്തം സംസ്കൃതഭാഷാപരിജ്ഞാനത്തെപ്പററി നല്ല മതിപ്പുള്ള ഗണപതിക്ക് ഈ വ്യവസ്ഥ സമ്മതമായിരുന്നു. അങ്ങനെ വ്യാസൻ പറയാനും ഗണപതി എഴുതാനും തുടങ്ങി. പറയുന്നതിനേക്കാൾ വേഗത്തിലാവുന്നുണ്ട് എഴുത്ത് എന്നു സംശയം തോന്നുമ്പോൾ, അടുത്ത പദ്യത്തിൽ അത്യന്തം ക്ലിഷ്ടങ്ങളായ ഏതാനും പദങ്ങളോ, ആശയങ്ങളോ വ്യാസൻ തിരുകിവയ്ക്കും. ഗണപതി ആലോചിച്ച് അർഥം കണ്ടെത്തുമ്പോഴേക്ക്, മുന്നോട്ടു മുന്നോട്ട് എത്രയോ ശ്ലോകങ്ങൾ വ്യാസൻ ചൊല്ലിക്കഴിഞ്ഞിരിക്കും. അങ്ങനെ ഗണപതിയുടെ എഴുത്തിനെ തന്റെ പദ്യപാരായണത്തിനു വളരെ പിന്നിൽ നിർത്താൻ വ്യാസന് ഒരു പ്രയാസവും ഉണ്ടായില്ല. മഹാഭാരതത്തിന്റെ ലളിതമായ പ്രവാഹത്തിൽ അവിടവിടെ പാറക്കെട്ടുകൾപോലെ ദുർഘടപ്രയോഗങ്ങൾ കാണുന്നതിനു കാരണം ഇതാണത്രേ.

ഈ കഥയിൽ നിങ്ങൾക്കു വിശ്വാസമുണ്ടോ? ഉണ്ടെങ്കിൽ ലോകത്തിൽ ആദ്യത്തെ ഷോർട്ട് ഹാൻഡ് എഴുത്തുകാരൻ ഗണപതി ആണെന്നും നിങ്ങൾക്കു വിശ്വസിക്കാം.

നിങ്ങൾ സാധാരണവേഗത്തിൽ സംസാരിക്കുമ്പോൾ, ഒരു മിനിററിൽ എത്ര വാക്കുകൾ ഉച്ചരിക്കുന്നു എന്ന് ആലോചിച്ചു നോക്കിയിട്ടുണ്ടോ? ഭാഷ ഇംഗ്ലീഷാണെങ്കിൽ, മിക്കവരും മിനിററിൽ നൂററിനാല്പതു വാക്കുകളോളം സംസാരിക്കുന്നു എന്നാണു കണക്ക്. ഇതിന്റെ ഇരട്ടി വാക്കുകളോളം ഓരോ മിനിററിലും സംസാരിക്കുന്നവരും ഇല്ലായ്കയില്ല.

സംസാരിച്ച വാക്കുകൾ ചെവിയിൽ വീണു വററിപ്പോവുകയാണല്ലോ പതിവ്. വാക്കുകൾക്കു ശാശ്വതികത്വം നൽകണമെങ്കിൽ ലിപികൾ ഉപയോഗിച്ച് അവ എഴുതണം. സംസാരിക്കുന്ന മുറയ്ക്കു വാക്കുകൾ ഏററക്കുറച്ചിൽ കൂടാതെ എഴുതി എടുക്കാൻ ഉതകുന്നവയല്ല ഒരു ഭാഷയിലെയും ലിപികൾ. അതിനാൽ, സംസാരം കേട്ട് എഴുതാൻ, ലഘൂകരിച്ച പ്രത്യേക ലിപിവ്യവസ്ഥയുടെ ആവശ്യം പഴയ കാലത്തുതന്നെ അനുഭവപ്പെട്ടുതുടങ്ങി. മഹാഭാരതം എഴുതിയെടുക്കാൻ ഗണപതി ഉപയോഗിച്ച ലിപി ബ്രാഹ്മി ആയിരുന്നിരിക്കാം. വിചാരിച്ചാൽ കാര്യം നടക്കുന്ന ഭഗവാന് ലിപിലഘൂകരണത്തിന്റെ ആവശ്യം അനുഭവ

പ്പെട്ടിരിക്കുകയില്ല. പക്ഷേ, ക്രിസ്തുവിനു മുമ്പ് നാലാം ശതകത്തിൽ സോക്രട്ടീസ്സിൻെറ ആത്മകഥാഖ്യാനം കേട്ട് എഴുതിയ ക്സെനോഫൻ ഉപയോഗിച്ചതു ശരിയായ ഗ്രീക്കലിപിയല്ല, ഒരുതരം ഗ്രീക്ക് ഷോർട്ട് ഹാൻഡ് ആയിരുന്നു. റോമൻ വാഗ്മി ആയിരുന്ന സിസറോവിൻെറ സെക്രട്ടറി മാർക്കസ് ടള്ളിയസ് ടീറോ ക്രിസ്തുവിനുമുമ്പ് ഒന്നാം നൂററാണ്ടിൽ ലാററിൻഭാഷയിൽ ഒരു ചുരുക്കെഴുത്തു പദ്ധതി ആവിഷ്കരിച്ചവത്രേ. പ്രസിദ്ധനായ ജൂലിയസ്സീസർ യുദ്ധവീരനെന്നപോലെ ചുരുക്കെഴുത്തു വിദഗ്ദ്ധൻകൂടി ആയിരുന്നു എന്നു പറയപ്പെടുന്നു.

മദ്ധ്യയുഗത്തിൽ അക്ഷരാഭ്യാസംതന്നെ യൂറോപ്പിൽ കഷ്ടിയായി; ചുരുക്കെഴുത്തിൻെറ കാര്യം പറയാനുമില്ല. മാത്രമല്ല, ചുരുക്കെഴുത്ത് ഒരുതരം മന്ത്രവാദവിദ്യയാണെന്ന ഭയവും പലർക്കും ഉളവായി. പതിനഞ്ചാം ശതകത്തിൽ ലാററിനിലെ പഴയ ചുരുക്കെഴുത്തു പദ്ധതി വീണ്ടും കണ്ടെത്തിയതു് ഇംഗ്ലണ്ടിൽ ഈ വിഷയത്തിൽ താല്പര്യമുളവാകാൻ കാരണമായി. ക്രിസ്തുവർഷം 1511—ൽ തിമോത്തി ബ്രൈററ് എന്ന ഇംഗ്ലീഷുകാരൻ പ്രസിദ്ധീകരിച്ച ഷോർട്ട്ഹാൻഡ് പാഠപുസ്തകത്തിൻെറ പേരു് 'ലിപികരം ഉപയോഗിച്ച് ഹ്രസ്വവും ശീഘ്രവും രഹസ്യവുമായ ലേഖനവിദ്യ' എന്നായിരുന്നു. ക്രിസ്തുവർഷം 1602—ൽ 'സ്റ്റെനോഗ്രാഫി എന്ന കല' എന്ന പുസ്തകം പ്രസിദ്ധീകരിച്ച ജോൺവില്ലിസ് ആണു് അക്ഷരക്രമാനുസാരിയായ ചുരുക്കെഴുത്തിൻെറ ഉപജ്ഞാതാവായി കരുതപ്പെടുന്നതു്.

ഇന്നു് ഇന്ത്യയിൽ പ്രചാരമുള്ള ചുരുക്കെഴുത്തു സമ്പ്രദായം ആവിഷ്കരിച്ചതു് ക്രിസ്തുവർഷം 1813—ൽ ഇംഗ്ലണ്ടിൽ പിറന്ന ഐസക്ക് പിററ്മാൻ എന്ന സ്കൂരം മാസ്റ്റർ ആയിരുന്നു. മതപരമായ കാരണങ്ങളാൽ 1837—ൽ ജോലിയിൽനിന്നു പിരിച്ചയയ്ക്കപ്പെട്ട പിററ്മാൻ 'ബാത്ത്' എന്ന നഗരത്തിൽ സ്വന്തമായ ഒരു സ്കൂരം നടത്തുകയും, അവിടെവെച്ച്, തന്നെ പിൽക്കാലത്തു പ്രസിദ്ധനാക്കിയ ചുരുക്കെഴുത്തു സമ്പ്രദായം വികസിപ്പിച്ചെടുക്കുകയുംചെയ്തു. ഇംഗ്ലീഷ് ഭാഷയിലെ ധ്വനികളെ വേർതിരിച്ചു വർഗീകരിച്ച്, അവ രേഖപ്പെടുത്താൻ മുപ്പത്തെട്ടോളം ലളിത ചിഹ്നങ്ങരം ആവിഷ്കരിച്ചതാണ് പിററ്മാൻ ഷോർട്ട് ഹാൻഡിനു നൽകിയ മൗലിക സംഭാവന. ഇംഗ്ലീഷ് വാക്കുകരം എഴുതുമ്പോരം പലേടത്തും ചേർക്കുന്ന നിശ്ശബ്ദലിപികരം വിട്ടുകളയാനും, കേരംക്കുന്നതുപോലെ മാത്രം എഴുതാനും പിററ്മാൻ തീരുമാനിച്ചു. വ്യഞ്ജനങ്ങരം മാത്രമേ നിയമേന എഴുതേണ്ടൂ എന്നും സ്വരങ്ങരം മിക്കസ്ഥലത്തും വിട്ടുകളയാമെന്നും വ്യവസ്ഥചെയ്തു. ഒരേ ചിഹ്നം നേർപ്പിച്ചും കനപ്പിച്ചും എഴുതി, അടുത്ത ബന്ധമുള്ള വ്യഞ്ജനങ്ങളെ (ഉദാഹരണം—പ, ബ) അദ്ദേഹം രേഖപ്പെടുത്തി. ചുരുക്കെഴുത്തു പുസ്തകത്തിലെ വരകളുടെ മുകളിലും, തൊട്ടു മേലെയും, വരകളിൽകൂടിയും ഒരേ ചിഹ്നം എഴുതുമ്പോരം, ഉച്ചാരണം വ്യത്യാസപ്പെടുമെന്നു നിശ്ചയിച്ചു. ബഹുപരിചിതങ്ങളായ വാക്കുകരംക്കും ശൈലികരംക്കും വാക്യാംശങ്ങരംക്കും സംക്ഷേപണങ്ങരം ഏർപ്പെടുത്തി. തൻെറ ചുരുക്കെഴുത്തു സമ്പ്രദായം വിവരിച്ചുകൊണ്ടു് ക്രിസ്തുവർഷം 1837—ൽ 'സ്റ്റെനോഗ്രാഫിക് സൗണ്ട് ഹാൻഡ്' എന്ന പുസ്തകം പിററ്മാൻ പ്രസിദ്ധീകരിച്ചു. ഇതോടെ പിററ്മാൻ ചുരുക്കെഴുത്തു സമ്പ്രദായം നിലവിൽവന്നു എന്നു പറയാം. ഈ ചുരുക്കെഴുത്തിനു പ്രചാരം നൽകാൻ ബാത്ത് നഗരത്തിൽ പിററ്മാൻ ഒരു 'ഫൊണെററിക് ഇൻസ്റ്റിററ്യൂട്ട്' സ്ഥാപിച്ചു. അനുഭവത്തിൻെറ വെളിച്ചത്തിൽ തൻെറ ചുരുക്കെഴുത്തു സമ്പ്രദായം അദ്ദേഹം നിരന്തരം പരിഷ്കരിച്ചു. ഇതിനായി പല പുസ്തകങ്ങളും അദ്ദേഹം രചിച്ചു. ഇവയിൽ പ്രധാനം, ഇപ്പോഴും വിപുലമായി ഉപയോഗിക്കപ്പെടുന്ന

'പിററ്മാൻ ഷോർട്ട് ഹാൻഡ് ഇൻസ്ട്രക്ടർ' ആകുന്നു. ചുരുക്കെഴുത്തിലൂടെ മനുഷ്യവർഗത്തിനു ചെയ്ത സേവനത്തെ ആദരിച്ച് ബ്രിട്ടീഷ് സർക്കാർ ക്രിസ്തുവർഷം 1894-ൽ പിററ്മാനു പ്രഭു പദവി നൽകി. മൂന്നു വർഷം കഴിഞ്ഞു്, 1897—ൽ സർ പിററ്മാൻ അന്തരിച്ചു. അദ്ദേഹം സ്ഥാപിച്ച ഇൻസ്റ്റിററ്യൂട്ട് ഇപ്പോഴും ചുരുക്കെഴുത്ത് അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ഗവേഷണങ്ങളും പ്രചാരണപ്രവർത്തനങ്ങളും പ്രസിദ്ധീകരണങ്ങളും നടത്തിവരുന്നു.

ഐസക് പിററ്മാൻെറ സഹോദരനായ ബെൻ പിററ്മാൻ ഈ ചുരുക്കെഴുത്തു സമ്പ്രദായം അമേരിക്കയിലും കാനഡയിലും പ്രചരിപ്പിച്ചു. പിററ്മാൻ സമ്പ്രദായത്തിൻെറ അടിസ്ഥാനമായ ധ്വനി വിശകലനത്തെ ആസ്പദമാക്കിയും, ഏറെക്കുറെ പിററ്മാൻെറ സങ്കേതങ്ങൾ തന്നെ അവലംബിച്ചും മററു ഭാഷകളിലും ക്രമേണ ചുരുക്കെഴുത്തു സമ്പ്രദായങ്ങൾ നിലവിൽവന്നു. ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ പിററ്മാൻ സമ്പ്രദായത്തെ പ്രോത്സാഹിപ്പിച്ചു. ഈ സമ്പ്രദായത്തെ ആസ്പദമാക്കി നിർമിച്ചവയാണ് ഇപ്പോൾ മിക്ക ഇന്ത്യൻഭാഷകളിലും നിലവിലുള്ള ചുരുക്കെഴുത്തു സമ്പ്രദായങ്ങൾ. മലയാളം ചുരുക്കിയെഴുതുന്നതിനു് പിററ്മാൻ സമ്പ്രദായം ഉപയോഗപ്പെടുത്തിയവരിൽ പ്രമുഖൻ ശ്രീ പണ്ടാല ആയിരുന്നു. പണ്ടാലയുടെ പദ്ധതി വികസിപ്പിച്ചു നിർമിച്ച മലയാളം ചുരുക്കെഴുത്തു പാഠപുസ്തകം കേരള ഭാഷാ ഇൻസ്റ്റിററ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

ആദ്യമാദ്യം ചുരുക്കെഴുത്ത് ലോകമെങ്ങും പുരുഷന്മാരുടെ കുത്തകയായിരുന്നു. ക്രമേണ സ്ത്രീകൾ ഈ തൊഴിൽരംഗത്തേക്കു കടന്നുവരികയും അവിടെ ആധിപത്യം ഉറപ്പിക്കുകയുംചെയ്തു. സ്ത്രീകൾക്കു സാമ്പത്തിക സ്വാതന്ത്ര്യം നൽകി അവരുടെ സാമൂഹ്യപദവി ഉയർത്തുന്നതിനു് തയ്യൽ യന്ത്രം, ടൈപ്പ്റൈറർ യന്ത്രം എന്നിവയോടൊപ്പം ചുരുക്കെഴുത്തും വളരെ വലിയ അളവിൽ ഉപകരിച്ചിട്ടുണ്ടു്. ഇന്നു് ചുരുക്കെഴുത്ത് മററു രാജ്യങ്ങളിൽ ഏറെക്കുറെ സ്ത്രീകളുടെ കുത്തകയായി മാറിയിരിക്കുന്നു.

ഭാഷയിൽ നല്ല അവഗാഹവും, മിനിററിൽ നൂറു വാക്കോളം എഴുതാൻ കഴിവുമുണ്ടെങ്കിൽ ആർക്കും നല്ല ചുരുക്കെഴുത്തുകാരനോ ഒരു ചുരുക്കെഴുത്തുകാരിയോ ആവാം. കോടതി നടപടികൾ എഴുതിയെടുക്കുന്നവർക്ക് മിനിററിൽ ഇരുന്നൂറു വാക്കോളം എഴുതേണ്ടിവരും. 1927—ാമാണ്ടിൽ മാർട്ടിൻ ഡ്യൂപ്രാവ് എന്ന അമേരിക്കൻ കോടതി റിപ്പോർട്ടർ മിനിററിൽ ഇരുന്നൂറെറൺപത്തിരണ്ടു വാക്കുകൾ വീതം അഞ്ചു മിനിട്ടുനേരം തുടർച്ചയായി എഴുതിയത്രെ. (ആയിരത്തി ഒരുനൂററിപ്പത്തു വാക്കുകൾ). ശീഘ്രലേഖനത്തിൽ ഇതൊരു ലോകറിക്കാർഡ് ആയി കണക്കാക്കപ്പെടുന്നു.

മാർട്ടിൻ ഡ്യൂപ്രാവ് പിന്തുടർന്നതു്, പക്ഷേ, പിററ്മാൻ സമ്പ്രദായം ആയിരുന്നില്ല; പിററ്മാൻ സമ്പ്രദായത്തെ കുറേക്കൂടി പരിഷ്കരിച്ച് ജോൺ റോബർട്ട് ഗ്രെഗ്ഗ് എന്ന ഐർലാൻഡുകാരൻ ക്രിസ്തുവർഷം 1888—ൽ ആവിഷ്കരിച്ച 'ലൈററ്ലൈൻ ഫോണോഗ്രാഫി' എന്ന മറെറാരു സമ്പ്രദായമായിരുന്നു. നീണ്ട പല പദങ്ങളെയും സംക്ഷേപിച്ചു രേഖപ്പെടുത്തുന്നു എന്നതാണ് ഗ്രെഗ്ഗ് സമ്പ്രദായത്തിൻെറ സവിശേഷത. അമേരിക്കയിൽ ഇപ്പോൾ പിററ്മാൻ സമ്പ്രദായത്തേക്കാൾ കൂടുതൽ പ്രചാരം ഗ്രെഗ്ഗ് സമ്പ്രദായത്തിനാണെന്നു പറയപ്പെടുന്നു. 1930—ൽ ചാൾസ് എ. തോമസ് എന്ന അമേരിക്കൻ അദ്ധ്യാപകൻ ആവിഷ്കരിച്ച 'തോമസ് നാച്ചുറൽ സിസ്റ്റം' ആണ് ധാരാളം പ്രചാരമുള്ള മറെറാരു ചുരുക്കെഴുത്തു സമ്പ്രദായം.

കൈകൊണ്ടു് എഴുതിയിട്ടല്ലാതെ, യന്ത്രം ഉപയോഗിച്ചും ചുരുക്കെഴുത്തു നടത്താം. സ്റ്റെനോടൈപ്പ്, ബ്രെവിടൈപ്പ് മുതലായ പേരുകളിൽ അറിയപ്പെടുന്ന ചുരുക്കെഴുത്തു് യന്ത്രങ്ങളിൽ ഇരുപത്തൊന്നു് 'കീ'കളേ ഉണ്ടാവൂ. അത്യാവശ്യമില്ലാത്ത ലിപികൾ അവയിൽ വിട്ടുകളഞ്ഞിരിക്കുന്നു. സാധാരണ ടൈപ്പ്റൈററർ യന്ത്രങ്ങളിൽനിന്നു വ്യത്യസ്തമായി, ഈ യന്ത്രത്തിൽ പല കീകൾ ഒരേ സമയം അമർത്തി, കടലാസ്സിൽ വ്യത്യസ്തഭാഗങ്ങളിൽ മുദ്രകൾ പതിക്കാം. ഇത്തരം ചുരുക്കെഴുത്തു് യന്ത്രങ്ങളെപ്പററി ഞാൻ കേട്ടിട്ടേയുള്ളു; അവ കണ്ടിട്ടില്ല.

സംസാരിക്കുന്നതു് അതേപടി രേഖപ്പെടുത്തുന്ന ടേപ്പ്റിക്കോർഡിങ് യന്ത്രങ്ങൾ സുലഭങ്ങളായ സ്ഥിതിക്കു്, ചുരുക്കെഴുത്തിൻെറ ആവശ്യം ഇനിയങ്ങോട്ടുണ്ടോ? 'ഉണ്ടു്' എന്നാണു് ഇതിനുള്ള ഉത്തരം. ടേയ്പുകൾ വായിക്കാൻ പററില്ല; ഷോർട്ട്ഹാൻഡ് രേഖകൾ വായിച്ചു മനസ്സിലാക്കാം. ചുരുക്കെഴുത്തുകാരനു്, പോക്കററിൽ കൊണ്ടുനടക്കാവുന്ന ഒരു പെൻസിലും കുറച്ചു കടലാസ്സുമേ ഉപകരണങ്ങളായി വേണ്ടു. ഏതു വിധത്തിലും, ചുരുക്കെഴുത്തു് വളരെക്കാലത്തേക്കു് തുടർന്നു നിലനില്ക്കുകതന്നെചെയ്യും. പത്രപ്രവർത്തനം, വ്യവസായം, ഭരണം മുതലായ പല രംഗങ്ങളിലും ഫലപ്രദമായി വ്യാപരിക്കുന്നവർക്കു് ചുരുക്കത്തിൽ വൈദഗ്ദ്ധ്യം ഇനിയും എത്രയോ കാലത്തോളം അനുപേക്ഷണീയമായിരിക്കും.

കേരളത്തിൽ വലിയ നഗരങ്ങളിൽ മാത്രമല്ല, ചെറിയ ഗ്രാമങ്ങളിൽ കൂടിയുണ്ടു് ചുരുക്കെഴുത്തു പഠിപ്പിക്കുന്ന എത്രയോ സ്ഥാപനങ്ങൾ. ഉന്നതവിദ്യാഭ്യാസത്തിനു വേറെ മാർഗമില്ലായ്കയാലും, ഒരു ജോലി കിട്ടാൻ സഹായിച്ചേക്കുമെന്നു കരുതിയും, ചുരുക്കെഴുത്തും ടൈപ്പ്റൈററിങ്ങും പഠിക്കാൻ തിരക്കിക്കൂടുന്ന സമർത്ഥരായ യുവതീയുവാക്കളെ എങ്ങും കാണാം. എന്നിട്ടും, പറയുന്നതു് തെററാതെ എഴുതിയെടുത്തു്, വൃത്തിയായി ടൈപ്പുചെയ്തു തരാൻ കഴിവുള്ള സ്റ്റെനോഗ്രാഫർമാർ എത്രയോ കുറച്ചു മാത്രമാണു്.

1968—ൽ കേരളഭാഷാ ഇൻസ്റ്റിററ്യൂട്ട് ആരംഭിച്ചപ്പോൾ, അതിൻെറ ഡയറക്ടർ ആയി നിയമിക്കപ്പെട്ട എനിക്കു് പല തരത്തിലുള്ള വളരെയധികം കത്തിടപാടുകൾ അതിവേഗത്തിൽ നടത്തേണ്ടതുണ്ടായിരുന്നു. ഇതിനായി, സർക്കാർ സർവീസിൽനിന്നു് പ്രഗല്ഭനായ ഒരു സ്റ്റെനോഗ്രാഫറെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇൻസ്റ്റിററ്യൂട്ടിൽ നിയമിക്കാൻ തീരുമാനിച്ചു. ഇംഗ്ലീഷിൽ എത്ര വേഗത്തിലും എത്രയധികം സമയവും പറഞ്ഞുകൊടുത്താലും, ഒരു തെററും വരുത്താതെ പകർത്തിയെടുത്തു്, ചുരുങ്ങിയ സമയത്തിനുള്ളിൽ വളരെ ഭംഗിയായി ടൈപ്പ്ചെയ്തു സമപ്പിക്കാൻ കഴിവുള്ള ശ്രീ പരമേശ്വരയ്യർ ആണു് ഇങ്ങനെ നിയമിക്കപ്പെട്ടതു്. അദ്ദേഹത്തിൻെറ സേവനം എനിക്കു വളരെ വിലപ്പെട്ടതായിരുന്നു.

പക്ഷേ, ഏതാനും മാസങ്ങൾക്കകം, മുഖ്യമന്ത്രി ശ്രീ സി. അച്യുതമേനോനോടു് ആരോ ശ്രീ പരമേശ്വരയ്യരെപ്പററി പറഞ്ഞു. ശ്രീ പരമേശ്വരയ്യരെ തനിക്കാവശ്യമുണ്ടെന്നു് മുഖ്യമന്ത്രി എന്നെ അറിയിക്കുകയും ചെയ്തു, പകരം, സർക്കാർ സർവീസിലുള്ള മററു് ഏതു സ്റ്റെനോഗ്രാഫറെയും എനിക്കു തരാൻ അദ്ദേഹം തയ്യാറായിരുന്നു. ശ്രീ പരമേശ്വരയ്യർക്കു പകരം ഞാൻ കണ്ടുപിടിച്ച ശ്രീ ഹരിഹരയ്യർ അന്നു് പബ്ലിക് ഹെൽത്ത് വകുപ്പിലായിരുന്നു. അദ്ദേഹത്തെ എനിക്കു വിട്ടുതരികയില്ലെന്നു് അന്നത്തെ പബ്ലിക് ഹെൽത്ത് ഡയറക്ടർ ഖണ്ഡിതമായി പറഞ്ഞു. ഒടുവിൽ മുഖ്യമന്ത്രി ഇടപെട്ടിട്ടാണു് ശ്രീ ഹരിഹരയ്യർ ഭാഷാ ഇൻസ്റ്റിററ്യൂട്ടിൽ നിയമിതനായതു്. സർക്കാർ സർവീസിൽപ്പോലും നല്ല

സ്റ്റെനോഗ്രാഫർമാരെ ലഭിക്കുന്നതിനുള്ള പ്രയാസം ഇതിൽനിന്ന് സ്പഷ്ടമാകുന്നുണ്ടല്ലോ.

കനത്ത ഭരണനിർവഹണച്ചുമതലയുള്ള ഒരു ഉദ്യോഗസ്ഥനാണോ നിങ്ങൾ? എങ്കിൽ, സമർത്ഥനായ ഒരു സ്റ്റെനോഗ്രാഫറെ കിട്ടിയാൽ നിങ്ങളുടെ ജോലിഭാരം പകുതിയെങ്കിലുമായി കുറഞ്ഞുകിട്ടും. അതേ സമയം, നിങ്ങളുടെ സ്റ്റെനോഗ്രാഫർ, നിർഭാഗ്യവശാൽ, ഒരു മന്ദനോ മന്ദിയോ ആണെങ്കിലോ? എങ്കിൽ നിങ്ങൾ തുലഞ്ഞതുതന്നെ!

(17 ജൂൺ, 1987)

# 54. എസ്പറാൻടോ

ലോകത്തിലെ എല്ലാ ഭാഷകളെയും നിങ്ങൾ വിളിച്ച് മുമ്പിൽ നിരത്തി ഇരുത്തുന്നു എന്നു വയ്ക്കുക. എന്നിട്ട് ഓരോന്നിനോടുമായി ചോദിക്കുന്നു:

'മലയാളം, നിനക്ക് എത്ര വയസ്സായി?'

'വയസ്സോ? കൃത്യമായി പറയാനൊന്നും പററില്ല. ഏതാണ്ട് ഒരായിരം വയസ്സായിക്കാണും' എന്നു മലയാളം പറയുന്നു.

'ഇനി തമിഴ് പറയട്ടെ.'

'ഒരുപാടായി. ചുരുങ്ങിയതു് രണ്ടായിരം മൂവായിരം.'

'സംസ്കൃതം പറയൂ, എത്ര വയസ്സായി?'

'ഏറെക്കുറെ മനുഷ്യന്റെ വയസ്സുതന്നെ എനിക്കും കാണണം.'

സിനിമാനടികളോടെന്നപോലെ തങ്ങളോടു വയസ്സു ചോദിക്കാൻ ഈ മനുഷ്യന് ഭ്രാന്തോ എന്ന മുഖഭാവമാണു ഭാഷകളുടെ മുഖത്തു്.

മിടുക്കിയായ ഒരു ഭാഷമാത്രം എഴുന്നേററുനില്ക്കുന്നു. 'എന്റെ വയസ്സു കൃത്യമായി പറയാം സാർ! ഈ 1987—ാമാണ്ടിൽ എനിക്കു നൂറു വയസ്സായി.'

'നിന്റെ പേരു്?'

'എസ്പറാൻടോ. 1887—ാമാണ്ടിൽ സാമെൻഹോഫ് (Zamenhof) തന്റെ 'ലിങ്ഗ്വോ ഇൻറർ നാസിയ' എന്ന പുസ്തകം പ്രസിദ്ധീകരിച്ചപ്പോഴാണു് ഞാൻ ജനിച്ചതു്.'

ചരിത്രത്തിൽ അറിയപ്പെടുന്ന ഒരു മനുഷ്യന്റെ സൃഷ്ടിയായിട്ട് 'എസ്പറാൻടോ' എന്ന ഒരു ഭാഷമാത്രമേയുള്ളു.

പോളണ്ടിന്റെയും റഷ്യയുടെയും അതിർത്തിയിൽ, വാർസാ നഗരത്തിൽ, 1859—ാമാണ്ടിൽ പിറന്ന ഒരു യഹൂദനായിരുന്നു ലുഡോവിക് ലാസറസ് സാമെൻഹോഫ്. വ്യക്തികൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലുമുള്ള ഉരസലുകൾക്കു കാരണം ഭാഷാഭേദമാണെന്ന് ഡോക്ടർ സാമെൻഹോഫ് കരുതി. എല്ലാ മനുഷ്യരും സ്വന്തം മാതൃഭാഷയ്ക്കു പുറമെ മറെറാരു ഭാഷകൂടി പഠിക്കുന്നപക്ഷം, ലോകത്തിലെങ്ങുമുള്ള മനുഷ്യർ തമ്മിൽ ആശയവിനിമയം സുസാധ്യമാകും; അതോടെ വ്യക്തികൾ തമ്മിലും രാഷ്ട്രങ്ങൾ തമ്മിലുമുള്ള തെററിദ്ധാരണകൾ നീങ്ങും എന്ന് അദ്ദേഹം വിശ്വസിച്ചു.

ഇങ്ങനെ രണ്ടാം ഭാഷയായി പഠിക്കേണ്ടതു് ഇന്നു ലോകത്തിൽ സംസാരിച്ചുവരുന്ന ഭാഷകളൊന്നുമാകരുതു് എന്നു് സാമെൻഹോഫ് വിചാരിച്ചു. കാരണം, ഇപ്പോൾ നിലവിലുള്ള ഏതെങ്കിലുമൊരു ഭാഷയെ രണ്ടാം ഭാഷയായി മനുഷ്യർ എല്ലാം അംഗീകരിക്കുകയുണ്ടാവില്ല. ഇന്ന